വ്യവസായസ്ഥാപനങ്ങൾ.

*462. MR. MOHAMMED MUSTAFFA (*Pathanapuram—Muslim*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ?

(എ) ഗവണ്മെൻറ് ഓഹരി ശതമാനം ഓഹരികൾ എടുത്തിട്ടുള്ള വ്യവസായസ്ഥാപനങ്ങളിൽ ഇപ്പോൾ ആദായത്തിൽ പ്രവർത്തിക്കുന്നതു് എത്രയെന്നും, നഷ്ടത്തിൽ പ്രവർത്തിക്കുന്നതു് എത്രയെന്നും, പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതു എത്രയെന്നും പ്രസ്താവിക്കുമോ?

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഗവണ്മെൻറിനു ശരിയായ നിയന്ത്രണാധികാരമുണ്ടോ?

MR. KALATHIL VELAYUDHAN NAIR (*Changanacherry II—General*) put the question

HON'BLE MR. T. K .NARAYANA PILLAI : (എ) ഗവണ്മെൻറ് താഴെ പറയുന്ന 5 വ്യവസായസ്ഥാപനങ്ങളിൽ 51 ശതമാനം ഷെയറുകൾ എടുത്തിട്ടുണ്ടു്.

ക. ഫാർമ്മസ്യൂട്ടിക്കൽസ് (ട്രാവൻകൂർ) ലിമിറ്റഡ്.

ഖ. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

ഗ. ട്രാവൻകൂർ സ്റ്റീം നാവിഗേഷൻ കമ്പനി ലിമിറ്റഡ്.

ഇവയിൽ ആദ്യത്തേതു് വളരെ അടുത്തകാലത്തു മാത്രമേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ, അതിനാൽ എത്രവേഗം അതിൽനിന്നും ലാഭം ഉണ്ടാകുമെന്നു നിശ്ചയിക്കാറായിട്ടില്ല. രണ്ടാമത്തേതു് പ്രാരംഭസ്ഥിതിയിൽ ഇരിക്കുന്നതേയുള്ളൂ. ഫാക്ടറി ഇതുവരെയും കെട്ടിത്തീർന്നിട്ടില്ല. മൂന്നാമത്തേതിൽ കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലും കുറേശ്ശ ആദായം ഉണ്ടായിട്ടുണ്ടു്.

(ബി) 51 ശതമാനം ഷെയറുകൾ എടുത്തിട്ടുള്ളതിനാൽ ഈ മൂന്നു സ്ഥാപനങ്ങളിന്മേലും ഗവണ്മെൻറിനു് ഒരു നിയന്ത്രണാധികാരം കൈവശം വന്നിട്ടുണ്ടു്. ആദ്യത്തെ രണ്ടു സ്ഥാപനങ്ങളുടെ ഭരണകമ്മറ്റികളിൽ ഓരോന്നിലും ഗവണ്മെൻറിന്റെ രണ്ടു പ്രതിനിധികളും മൂന്നാമത്തേതിന്റെ ഭരണക്കമ്മറ്റിയിൽ ഗവണ്മെൻറിന്റെ മൂന്നു പ്രതിനിധികളുമുണ്ടു്.

MR. K. A. MATHEW (*Thiruvalla IV—General*) : ഗവണ്മെൻറിന്റെ നിയന്ത്രണാധികാരമുള്ള വ്യാവസായികസ്ഥാപനങ്ങളിൽ തിരുവിതാംകൂറുകാരായ ആളുകൾക്ക് പരിശീലനം നൽകുന്നതിനു് എന്തെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ചെയ്യണമെന്ന നിർദ്ദേശംനൽകിയിട്ടുണ്ട്.

MR. K. A. MATHEW : അതനുസരിച്ച് പ്രവത്തിക്കുന്നുണ്ടോ എന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI: പരിശീലനം നൽകുന്നുണ്ടോ എന്നു ചോദിച്ചാൽ ഈ വ്യവസായസ്ഥാപനങ്ങൾ പ്രവത്തനം ആരംഭിച്ചിട്ടേയുള്ളുവെന്നു ഞാൻ നേരത്തെ പറഞ്ഞല്ലോ. ഫാറസ്റ്റ് ഇൻഡസ്ട്രീസ് മാത്രമാണ് സമീപകാലത്ത് പ്രവത്തനം ആരംഭിച്ചിട്ടുള്ളത്. ടൈറാനിയം പ്രോഡക്റ്റ്സ് കമ്പനിയുടെ കെട്ടിടം പണി നടക്കുന്നതേയുള്ളൂ. ട്രാവൻകൂർ സ്റ്റീം നാവിഗേഷൻ കമ്പനിയിൽ എന്തു പരിശീലനമാണ് നൽകാൻ സാധിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഫാറസ്റ്റ് ഇൻഡസ്ട്രീസിന്റെ പ്രവത്തകന്മാർ തിരുവിതാംകൂർകാർ തന്നെയാണ്.

MR. K. A. MATHEW : തിരുവിതാംകൂറിലെ സിമന്റ് ഫാക്റ്ററി പരിശീലനം നൽകുന്നതിന് പറ്റിയ സ്ഥാപനമാണെന്നു തോന്നുന്നില്ലേ? അവിടെ പരിശീലനം നൽകുന്നതിനു എന്തെങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യം ഇതിൽനിന്നും ഉദിക്കുമെന്നു വിചാരിച്ചിരുന്നില്ല. അതുകൊണ്ട് അതിനു ഉത്തരം ഇപ്പോൾ പറയാൻ നിവർത്തിയില്ല.

MR. KALATHIL VELAYUDHAN NAIR : ഈ ഓരോ കമ്പനികളിലേയും ഗവണ്മെൻറിന്റെ പ്രതിനിധികൾ ആരാണെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI: ഇൻഡസ്ട്രീയൽ ലയിസൺ ആഫീസറും ഫൈനാൻഷ്യൽ സിക്രട്ടറിയും ഉണ്ട്. ചില കമ്പനികളിൽ വ്യവസായ വകുപ്പു സിക്രട്ടറിയുമുണ്ട്.

MR. KALATHIL VELAYUDHAN NAIR: ഫൈനാൻഷ്യൽ സിക്രട്ടറിക്കു വ്യവസായങ്ങളെ സംബന്ധിച്ചു വല്ലതും അറിവുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : വ്യവസായങ്ങളെ സംബന്ധിച്ച് വളരെ അറിവൊന്നുമില്ലെങ്കിലും വ്യവസായങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ പരിശോധിക്കുന്നതിനും കാര്യക്ഷമമായ രീതിയിലാണോ അവ നടത്തിക്കൊണ്ടു പോകുന്നതെന്നും അന്വേഷിക്കുന്നതിനും അദ്ദേഹത്തിനു അവകാശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. KALATHIL VELAYUDHAN NAIR: വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണത്തിന് വ്യവസായങ്ങളെപ്പറ്റി നല്ല അറിവുള്ള ഒരാൾ ഉണ്ടായിരിക്കുകയല്ലേ ഭേദം?

HON'BLE MR. T. K. NARAYANA PILLAI : അതിനാണ് ഇൻഡസ്ട്രീയൽ ലയിസൺ ആഫീസറെ വച്ചിരിക്കുന്നത്.

MR. KALATHIL VELAYUDHAN NAIR : അദ്ദേഹം എല്ലാ കമ്പനികളിലും ഗവണ്മെൻറിന്റെ പ്രതിനിധിയാണോ?

HON'BLE MR. T. K. NARAYANA PILLAI : എല്ലാത്തിലും അല്ലെങ്കിലും ഇപ്പോൾ ഇവിടെ പറഞ്ഞ കമ്പനികളിൽ അദ്ദേഹം പ്രതിനിധിയാണ്.

MR. P. T. CHACKO (*Kottayam II—General*): പണം ഇല്ലെന്ന കാരണം പറഞ്ഞു ഇതിൽ ചില കമ്പനികൾ കഴിഞ്ഞ മാസത്തിൽ ജോലിക്കാർക്ക് ശമ്പളം കൊടുക്കാതിരുന്നിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഏതു കമ്പനിയാണെന്നു പറഞ്ഞാൽ സമാധാനം പറയാം.

MR. P. T. CHACKO : എഫ്. എ. സി. ററി. യിലാണ്.

HON'BLE MR. T. K. NARAYANA PILLAI : ഞാൻ പറഞ്ഞ കമ്പനികളുടെ ക്ലൂട്ടത്തിൽ അതു ഉൾപ്പെടുന്നില്ല.

MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya*): ഇപ്പോഴത്തെ ഇൻഡസ്ട്രീയൽ ലയിസൺ ആഫീസർ ആരാണ്?

HON'BLE MR. T. K. NARAYANA PILLAI : മി. കുമാരദാസാണ്.

MR. PAUL THALIAT (*Parur III—General*): എഫ്. എ. സി. ററി. യിൽ ഗവണ്മെൻറിന് ഇത്ര ശതമാനം ഷെയർ ഇല്ലെന്നാണോ പറയുന്നത്?

HON'BLE MR. T. K. NARAYANA PILLAI : എഫ്. എ. സി. ററി. യിൽ ഇത്ര ശതമാനം ഷെയറെ ഗവണ്മെൻറിനുള്ളൂ. ഇത്ര ശതമാനമുള്ളതിന്റെ പേരുകൊണ്ടു മാത്രമാണ് ഞാൻ ഇവിടെ പറഞ്ഞത്.

ക്രന്തള്ളൂർനിന്നും പുറപ്പെടുന്ന റോഡ്.

*463. MR. P. NANOO (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ചിറയിൻകീഴ്താലൂക്കിൽ ക്രന്തള്ളൂർ പകുതിയിൽനിന്നും കാട്ടുമുറാക്കൽവഴി കിഴക്കോട്ടുള്ള റോഡ് ഗവണ്മെൻറിൽനിന്നും പെട്ടിയുണ്ടാക്കിയിട്ട് എത്ര കൊല്ലമായി?

LIBRARY ARCHIVES Kerala Legislative Assembly